അബ്ദുൽ ഹകീം നദ്‌വി

# ജിഹാദ്, സാമുദായികത, സാമൂഹികത

**പ്രകൃതിയിൽ** കാണുന്ന വൈജാത്യങ്ങളും വൈവിധ്യങ്ങളും ദൈവിക നടപടിക്രമമാണ്. ഇത് പ്രാപഞ്ചിക സന്തുലിതത്വവും താളാത്മകതയും നിലനിർത്താൻ അനിവാര്യമാണ്. ജീവജാലങ്ങളുടെയും സസ്യലതാദികളുടെയും വൈവിധ്യത്തെ ഈ നിലക്കാണ് നോക്കിക്കാണേണ്ടത്. അതുപോലെ മനുഷ്യസമൂഹത്തിൽ വൈജാത്യങ്ങളും വൈവിധ്യങ്ങളും നിലനിൽക്കുക എന്നതും പ്രാപഞ്ചിക സംവിധാനത്തിന്റെ ഭാഗമായി കാണണം.

ഇസ്‌ലാം സാമുദായികതയെ നിരാകരിക്കുകയും സാമൂഹികതയെ വിലമതിക്കുകയും ചെയ്യുന്നത് ഈ പ്രാപഞ്ചിക നീതിയുടെ അടിത്തറയിൽനിന്നുകൊണ്ടാണ്. പ്രാദേശിക വൈവിധ്യങ്ങളും ബഹുസ്വരതയും, വീക്ഷണ വ്യത്യാസങ്ങളും പ്രകൃതിപ്രതിഭാസമായി അംഗീകരിക്കുകയാണ് ഇസ്‌ലാം: "നിസ്സംശയം, താങ്കളുടെ റബ്ബ് ഉദ്ദേശിച്ചിരുന്നെങ്കിൽ മനുഷ്യസമൂഹത്തെ മുഴുവൻ ഒരൊറ്റ സമുദായമാക്കാൻ കഴിയുമായിരുന്നു. പക്ഷേ അവർ ഭിന്ന മാർഗങ്ങളിലൂടെ ചലിച്ചുകൊണ്ടിരിക്കുന്നു" (*ഹൂദ്* 117).

ഇന്ത്യ ഒരു ബഹുസ്വര രാജ്യമാണ്. വ്യത്യസ്ത സംസ്കാരങ്ങൾ, മതങ്ങൾ, ജാതികൾ, ഭാഷകൾ, ചിന്താസരണികൾ തുടങ്ങി പല വൈവിധ്യങ്ങൾ ഇവിടെ കാണുന്നു. ഇത് അല്ലാഹുവിന്റെ നടപടിക്രമവും തീരുമാനവുമാണെന്ന ലളിത സത്യം വിസ്മരിച്ചുകൊണ്ട് കേവല സാമുദായികതയിലേക്ക് ചുരുങ്ങാൻ നമുക്കാവില്ല. സാമൂഹികത പ്രകൃതിയാഥാർഥ്യമാണെന്ന് അംഗീകരിച്ചുകൊണ്ടുവേണം ഇന്ത്യ പോലെയുള്ള രാജ്യത്ത് നിലപാടുകളെടുക്കാനും നടപ്പിലാക്കാനും. പ്രകൃതിവിരുദ്ധമായതെല്ലാം ഇസ്‌ലാമികവിരുദ്ധവുമാണ്.

സാമുദായികത ഊതിവീർപ്പിച്ചും അപരനോട് ശത്രുത സൃഷ്ടിച്ചും സംഘടനാ ശാക്തീകരണം നടത്തുന്നതും 'വിപ്ലവവീര്യം' അടിച്ചേൽപിക്കുന്നതും പ്രകൃതിയുടെ താളാത്മകതക്ക് കോട്ടം തട്ടിക്കുന്നു. മാനവികതയും സാമൂഹികതയും അടിസ്ഥാനമാക്കി നടക്കുന്ന വിപ്ലവത്തിനേ സ്ഥായീഭാവവും അതിജീവന ശേഷിയും ഉണ്ടാവുകയുള്ളൂ. ഇസ്‌ലാമിക വിപ്ലവത്തിന്റെ വ്യതിരിക്തതയും മൂല്യവും നമുക്ക് ദർശിക്കാനാകുന്നതും ഈ മൗലിക കാഴ്ചപ്പാടിലാണ്.

ഇസ്‌ലാമിലെ ഒരു കർമവും ഈ യാഥാർഥ്യത്തോട് ഏറ്റുമുട്ടുന്നതല്ല. ആരാധനാകർമങ്ങൾ മുതൽ സായുധ ജിഹാദ് വരെയുള്ള എല്ലാം സന്തുലിതവും വൈരുധ്യങ്ങളിൽനിന്ന് മുക്തവുമാകുന്നത് അതുകൊണ്ടാണ്. ജിഹാദ് എന്നാൽ സാമൂഹിക വൈജാത്യങ്ങളോടുള്ള കലഹമോ ഏറ്റുമുട്ടലോ അല്ല. മറിച്ച്, ജിഹാദും അതിന്റെ ഭാഗമായ സായുധ സമരവുമെല്ലാം പ്രകൃതിയുടെ സന്തുലിത ഘടനയുടെ ഭാഗമായ ബഹുസ്വരതയും സാമൂഹികതയും നിലനിർത്തുന്നതിന് ആവശ്യമായ അധ്വാനമാണ്.

ത്വാഗൂത്ത് ജാലൂത്തിനെതിരെ നടത്തിയ സായുധ പോരാട്ടം പരാമർശിച്ച് ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: "ഇപ്രകാരം അല്ലാഹു ഒരു ജനതയെ മറ്റൊരു ജനതയാൽ പ്രതിരോധിക്കുന്നില്ലെങ്കിൽ ഭൂലോകം അമ്പേ താറുമാറാകുമായിരുന്നു" (*അൽബഖറ* 251). മൗലാനാ മൗദൂദി ഈ സൂക്തത്തെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്. ''അതായത് ലോകത്ത് ക്രമവും വ്യവസ്ഥയും നിലനിൽക്കേണ്ടതിന് അല്ലാഹു നിശ്ചയിച്ച നിയമമാണിത്" (*തഫ്ഹീമുൽ ഖുർആൻ* വാള്യം 1 പേജ് 170, കുറിപ്പ്: 274)

യുദ്ധത്തിന് അനുമതി നൽകി അവതീർണമായ പ്രഥമ സൂക്തത്തിലും അല്ലാഹു ഉണർത്തുന്നത് ബഹുസ്വരതയും സാമൂഹികതയും സംരക്ഷിക്കേണ്ടതിനെക്കുറിച്ചാണ്: "ആർക്കെതിരിൽ യുദ്ധം നടത്തപ്പെടുന്നുവോ അവർക്ക് അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അവർ മർദിതരാകുന്നു. അല്ലാഹു അവരെ സഹായിക്കാൻ തികച്ചും കഴിവുള്ളവൻതന്നെ. സ്വഗേഹങ്ങളിൽനിന്ന് അന്യായമായി കുടിയിറക്കപ്പെട്ടവരാണവർ. ഞങ്ങളുടെ റബ്ബ് അല്ലാഹുവാകുന്നു എന്ന് പ്രഖ്യാപിച്ചത് മാത്രമായിരുന്നു അവരുടെ കുറ്റം. അല്ലാഹു ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെക്കൊണ്ട് പ്രതിരോധിച്ചുകൊണ്ടിരിക്കുന്നില്ലായിരുന്നുവെങ്കിൽ മഠങ്ങളും (സ്വവാമിഅ്) ചർച്ചുകളും (ബിയഅ്) പ്രാർഥനാലയങ്ങളും (സ്വലവാത്ത്) അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കുന്ന പള്ളികളും (മസാജിദ്) തകർക്കപ്പെട്ടു പോകുമായിരുന്നു" (*അൽഹജ്ജ്* 39,40). സൂക്തത്തിലെ സ്വവാമിഅ് എന്ന പദം സൗമഅത് എന്നതിന്റെ ബഹുവചനമാണ്. പുരോഹിത സന്യാസി മഠങ്ങളാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ക്രിസ്ത്യാനികളുടെ ആരാധനാകേന്ദ്രങ്ങളാണ് ബീഅത് എന്ന പദത്തിന്റെ ബഹുവചനമായ ബിയഅ്. ജൂതന്മാരുടെ പ്രാർഥനാസ്ഥലമാണ് സ്വലവാത്. മുസ്‌ലിംകളുടെ പ്രാർഥനാലയങ്ങൾ മസാജിദ്. ഇങ്ങനെ വ്യത്യസ്ത മതവീക്ഷണങ്ങൾ പുലർത്തുന്നവരുടെ ആരാധനാലയങ്ങളുടെ സംരക്ഷണം വരെ നീണ്ടുകിടക്കുന്ന വിശാലമായ ലക്ഷ്യങ്ങളാണ് യുദ്ധത്തിനു പോലുമുള്ളതെന്ന് ചുരുക്കം.

കുഴപ്പവും അതിക്രമവും ആവാസ വ്യവസ്ഥയുടെ സ്വാസ്ഥ്യം കെടുത്തും. കുഴപ്പങ്ങൾ തടഞ്ഞ് ദൈവിക വ്യവസ്ഥയെ സംസ്ഥാപിക്കുക എന്നതാണ് സായുധ പോരാട്ടത്തിന്റെ ലക്ഷ്യമായി ഖുർആൻ നിർണയിച്ചിട്ടുള്ളത്: "ഫിത്ന ശേഷിക്കാതിരിക്കുകയും വിധേയത്വം അല്ലാഹുവിനോടായി തീരുകയും ചെയ്യുവോളം നിങ്ങൾ അവരോട് സമരം

ചെയ്യുക. ഇനി അവർ വിരമിക്കുന്നുവെങ്കിലോ, മനസ്സിലാക്കിയിരിക്കുക; അക്രമികളോടല്ലാതെ ആരോടും കൈയേറ്റം ഹിതകരമല്ല" (*അൽബഖറ* 193). സകല അതിക്രമങ്ങളും കുഴപ്പങ്ങളും അവസാനിപ്പിച്ച് ദൈവികമായ സന്തുലിത ജീവിത വ്യവസ്ഥ എല്ലാ മേഖലകളിലും പ്രയോഗവത്കരിക്കലാണ് യുദ്ധത്തിന്റെ ലക്ഷ്യമെന്നതാണ് ഇതിന്റെ ഏറ്റവും ലളിതമായ വ്യാഖ്യാനം.

'അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യേണ്ടവിധം ജിഹാദ് ചെയ്യുവിൻ. അവൻ തന്റെ ദൗത്യത്തിനു വേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുകയാകുന്നു' (*അൽഹജ്ജ്* 87) എന്ന ഖുർആനികാധ്യാപനത്തിന്റെ പൊരുൾ നിങ്ങളുടെ ജിഹാദ് വഴിമാറി പ്രാപഞ്ചിക സന്തുലിതത്വത്തെ തകർക്കുന്ന വിധത്തിലാകരുത് എന്നുകൂടിയാണ്. ജിഹാദ് എങ്ങനെയാവണമെന്നതിന് സ്ഥലകാലങ്ങൾ മുഖ്യ പരിഗണനയിലെടുക്കണമെന്ന് ഇസ്‌ലാമിക പണ്ഡിതന്മാർ ഉപാധിവെച്ചിട്ടുള്ളത് അതുകൊണ്ടാണ്.

ഇസ്‌ലാം പ്രകൃതിയോടിണങ്ങുന്ന ജീവിത വ്യവസ്ഥയായതുകൊണ്ട് അതിലെ കർമങ്ങൾക്കും സ്ഥലകാല നിർണയമുണ്ട്. നമസ്കാരം സമയബന്ധിതമായ ആരാധനാകർമമാണ്. നമസ്കാരം നിർബന്ധമാകുന്നതും ഐഛികമാകുന്നതും നിഷിദ്ധമാകുന്നതുമായ വ്യത്യസ്ത സമയങ്ങളുണ്ട്. സകാത്ത്, നോമ്പ്, ഹജ്ജ് തുടങ്ങിയ മറ്റു കർമങ്ങളും സമയബന്ധിതവും പ്രത്യേക കാലഘടനക്കുള്ളിൽ നിർണിതവുമാണ്. അവ പരിഗണിക്കാതെ പ്രസ്തുത കർമങ്ങൾ നിർവഹിച്ചാൽ ചിലപ്പോൾ അത് പ്രതിഫലമില്ലാത്ത പാഴ്‌വേലയോ മറ്റു ചിലപ്പോൾ ശിക്ഷാർഹമായ കുറ്റകൃത്യമോ ആയി മാറുന്നു. ഇപ്രകാരം തന്നെ ജിഹാദും സായുധ പോരാട്ടവും കാലബന്ധിതവും സ്ഥലനിർണിതവുമാണ്.

നമസ്കാരത്തിന് വ്യത്യസ്ത സമയങ്ങളിൽ ഉദ്ദേശ്യങ്ങൾക്കനുസരിച്ച് വ്യത്യസ്ത രൂപങ്ങളുള്ളതുപോലെ ജിഹാദിനുമുണ്ട് വ്യത്യസ്ത രൂപങ്ങൾ. അഞ്ചു നേരത്തെ നിർബന്ധ നമസ്കാരത്തിന്റെ രൂപമല്ല മയ്യിത്ത് നമസ്കാരത്തിനുള്ളത്. പെരുന്നാൾ, ഗ്രഹണം, ക്ഷാമം തുടങ്ങിയ സന്ദർഭങ്ങളിലെ നമസ്കാരങ്ങൾക്കും രൂപവ്യത്യാസമുണ്ട്. ഇതുപോലെ കാലത്തിനും പ്രദേശത്തിനുമനുസരിച്ച് ജിഹാദിനും അനുയോജ്യമായ രീതിശാസ്ത്രം ഉണ്ടാകും എന്നതാണ് ജിഹാദിന്റെ സ്വാഭാവിക പ്രകൃതം. ഈ പ്രകൃതത്തിന് നിരക്കാത്ത ശൈലിയും രൂപവും സ്വീകരിച്ചാൽ ജിഹാദിന്റെ ആത്മസത്ത ചോർന്നു പോവുകയും അത് ജിഹാദല്ലാതായി മാറുകയും ചെയ്യും. നിഷിദ്ധമായ സന്ദർഭങ്ങളിൽ നമസ്കരിക്കുകയും ഈദ് ദിനങ്ങളിൽ നോമ്പനുഷ്ഠിക്കുകയും ഹജ്ജ് മാസത്തിലല്ലാതെ അത് നിർവഹിക്കുകയും ചെയ്താലും അവ ശിക്ഷാർഹമോ അനഭിലഷണീയമോ പ്രതിഫലാർഹമല്ലാത്ത പാഴ്കർമങ്ങളോ ആകുന്നതുപോലെ ജിഹാദ് സ്ഥലകാല സന്ദർഭങ്ങൾ പരിഗണിക്കാതെയും അനുയോജ്യമായ വിധത്തിലല്ലാതെയും നിർവഹിക്കുമ്പോൾ ശിക്ഷാർഹമോ അനഭിലഷണീയമോ പാഴ്കർമമോ ആയി മാറും. ചുരുക്കത്തിൽ ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ജിഹാദും അതിന്റെ ഭാഗമായ സായുധ സമരവുമെല്ലാം പ്രകൃതിയുടെ ഘടനാ സന്തുലിതത്വത്തിന്റെ ഒഴിച്ചുകൂടാനാകാത്ത ഭാഗമാണ്.

ദൈവത്തോടുള്ള ബാധ്യതകളുടെ അത്രതന്നെ പ്രാധാന്യമുള്ളതാണ് ഇസ്‌ലാമിൽ സമസൃഷ്ടികളോടുള്ള ബാധ്യതകളും കടപ്പാടുകളും. വിശ്വാസകാര്യങ്ങൾ ഉൾക്കൊണ്ട ഒരാൾക്ക് നിർബന്ധമാകുന്ന പ്രഥമ ബാധ്യത സമസൃഷ്ടികളോടുള്ളതാണ്. ഖുർആന്റെ മുൻഗണനാക്രമത്തിൽ ആരാധനാ കർമങ്ങളുടെ സ്ഥാനം ചിലപ്പോൾ ഈ ബാധ്യതകൾക്കും ശേഷമാണ് (*അൽബഖറ* 177, *അൽമാഊൻ*). വിശ്വാസകാര്യങ്ങളേക്കാൾ സമസൃഷ്ടി ബാധ്യതകൾക്ക് പ്രാധാന്യം നൽകിയതും കാണാം (*അൽബലദ്* 11-18). ഈ ബന്ധത്തിലും ബാധ്യതാ നിർവഹണത്തിലും വിശാലമായ സാമൂഹിക കാഴ്ചപ്പാടാണ് ഖുർആൻ പുലർത്തുന്നത്. സാമുദായിക പക്ഷപാതിത്വത്തിന്റെ നേരിയ സൂചന പോലും കാണുക സാധ്യമല്ല.

ബന്ധങ്ങളിൽ പ്രഥമ പരിഗണനീയം മാതാപിതാക്കളോടുള്ളതാണ്. അവർ ആദർശവൈരികളാണെങ്കിൽ പോലും അങ്ങേയറ്റം മാന്യതയോടെ മാത്രമേ വർത്തിക്കാവൂ എന്നത് ഖുർആനിക കൽപനയാണ് (*ലുഖ്മാൻ* 15). കുടുംബ ബന്ധത്തിലും സാമുദായികവിവേചനം ഇസ്‌ലാം അനുവദിക്കുന്നില്ല. അയൽപക്ക ബന്ധം, സുഹൃദ്ബന്ധം, അഗതി-അനാഥ സംരക്ഷണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇവയിലെല്ലാം ഉയർന്ന സാമൂഹിക കാഴ്ചപ്പാടാണ് ഖുർആന്റേത്.

അയൽപക്കബന്ധത്തിന്റെ മുൻഗണനാക്രമം നിർണയിക്കുന്നതിൽ മതപക്ഷപാതിത്വമോ സാമുദായിക സങ്കുചിതത്വമോ ഇസ്‌ലാം കാണുന്നില്ല. ഖുർആൻ അയൽപക്കത്തെ വർഗീകരിക്കുന്നത് കുടുംബബന്ധമുള്ളത്, ഇല്ലാത്തത് (*അൽജാറു ദുൽഖുർബാ വൽ ജാറൽ ജുനുബ്*) എന്നിങ്ങനെയാണ്. ആഇശ(റ)യിൽനിന്ന് നിവേദനം ചെയ്യുന്ന ഒരു ഹദീസ് ഇപ്രകാരമാണ്: "ഞാൻ നബി(സ)യോട് ചോദിച്ചു: 'ദൈവദൂതരേ, എനിക്ക് രണ്ട് അയൽക്കാരുണ്ട്. അവരിൽ ആർക്കാണ് ഞാൻ പാരിതോഷികം നൽകേണ്ടത്?' നബിയുടെ മറുപടി: നിന്റെ വാതിലിനോട് ഏറ്റവും അടുത്തവർക്ക്" (ബുഖാരി). കുടുംബബന്ധവും വീടിനോട് ഏറ്റവും അടുപ്പമുണ്ടാകലുമാണ് കൂടുതൽ ബാധ്യതയുടെ അടിസ്ഥാനമായി ഖുർആനും ഹദീസും നിഷ്കർഷിക്കുന്നത്. അയൽപക്കബന്ധത്തെ പലപ്പോഴും പ്രവാചകൻ വിശ്വാസത്തോട് ചേർത്തിപ്പറയാറുണ്ടായിരുന്നു. 'അല്ലാഹുവാണ, അവൻ വിശ്വാസിയല്ല' (മൂന്നു തവണ പ്രവാചകൻ ഇത് ആവർത്തിച്ചു). 'ആരാണ് വിശ്വാസിയല്ലാത്തത്?' പ്രവാചകനോട് ഒരാൾ ചോദിച്ചു. നബി(സ) പറഞ്ഞു: 'ഏതൊരുവന്റെ ഉപദ്രവത്തിൽനിന്ന് തന്റെ അയൽവാസി സുരക്ഷിതനാകുന്നില്ലയോ അവൻതന്നെ' (ബുഖാരി, മുസ്‌ലിം). 'അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ അയൽവാസിയെ ബുദ്ധിമുട്ടിക്കാതിരിക്കട്ടെ' (ബുഖാരി) എന്നും കാണാം. അയൽപക്കബന്ധം വിശ്വാസവുമായി ബന്ധപ്പെടുത്തുമ്പോഴും അത് മുസ്‌ലിമിൽ പരിമിതപ്പെടുത്തുന്നില്ലെന്നത് ശ്രദ്ധേയമാണ്.

അനാഥ-അഗതി സംരക്ഷണത്തിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലുമെല്ലാം സാമൂഹികതയുടെ വിശാല തലങ്ങളാണ് കാണാൻ സാധിക്കുക. ഫുഖറാഅ്, മസാകീൻ, യതീം, സാഇൽ, മഹ്റൂം, രിഖാബ്, ഗാരിം, ഇബ്നു സബീൽ.... തുടങ്ങിയ സംരക്ഷണവും സഹായവും ആവശ്യമായ വിഭാഗങ്ങളെ ഖുർആൻ പരിചയപ്പെടുത്തുന്നത് സാമുദായികവും മതപരവുമായ സങ്കുചിതത്വത്തിൽനിന്നുകൊണ്ടല്ല, മാനുഷികതയുടെ ഉന്നതമായ തലങ്ങളിൽനിന്നുകൊണ്ടാണ്. സകാത്തിന്റെ അവകാശികളെ നിർണയിച്ചേടത്തും ഈ വിശാലത കാണാൻ കഴിയും. സകാത്തിന്റെ അവകാശികളിൽ എല്ലാ മതവിഭാഗക്കാരും ഉൾപ്പെടുമെന്ന ആധുനികരും പൂർവികരുമായ പണ്ഡിതന്മാരുടെ അഭിപ്രായവും കണക്കിലെടുക്കാം.

നീതിനിർവഹണത്തിൽ ഒരു വിഭാഗത്തോടുള്ള വിദ്വേഷം അവരോട് അനീതി ചെയ്യാൻ കാരണമാകാൻ പാടില്ല (*അൽമാഇദ* 8) എന്ന താക്കീതും, തനിക്കോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരാണെങ്കിൽ പോലും

നീതിപൂർവമായ വിധിതീർപ്പ് സർവാത്മനാ അംഗീകരിക്കണമെന്ന കൽപനയും (*അന്നിസാഅ്* 135) മഹത്വപ്പെടുത്തുന്നത് നീതിനിർവഹണത്തിലെ സാമൂഹികതയും മാനവികതയുമാണ്. ഒരു ജൂതന്റെ നിരപരാധിത്വം തെളിയിക്കാനായി പത്തോളം സൂക്തങ്ങൾ അവതരിക്കുന്നിടം വരെ വിശാലമാണ് ഈ സാമൂഹികതയുടെ തലങ്ങൾ.

വിമോചനസമരത്തിലും തിന്മക്കെതിരായ പോരാട്ടത്തിലും ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്നത് ഇതേ വിശാലതയാണ്. മർദിതർക്കു വേണ്ടിയുള്ള പോരാട്ടത്തി(*അന്നിസാഅ്* 75)ലും ഭരണകൂട ഭീകരതക്കും ചൂഷണത്തിനുമെതിരെയുള്ള സമരങ്ങളിലും (*അൽ ഖസ്വസ്വ്* 3-6) ഉണ്ടാകേണ്ടത് സാമൂഹികതയും മാനവികതയുമാണെന്ന് ഖുർആൻ ഓർമപ്പെടുത്തുന്നു. സാമുദായിക സുരക്ഷിതത്വം എന്നതിലപ്പുറം സാമൂഹിക സുരക്ഷിതത്വമാണ് ഇസ്‌ലാം ഇതിലൂടെ ഉന്നം വെക്കുന്നത്. ഇസ്‌ലാമിക രാഷ്ട്രം അതിനു കീഴിൽ ജീവിക്കുന്ന മുഴുവൻ ജനങ്ങളുടെയും സുരക്ഷക്കാണ് പ്രാമുഖ്യം കൽപിക്കുക. രാഷ്ട്രനിർമാണവേളയിൽ ജൂതരെ ഒഴിവാക്കി പ്രവാചകന് മദീനയെ സാമുദായിക രാഷ്ട്രമാക്കി മാറ്റാമായിരുന്നു. എന്നാൽ പ്രഥമ ഇസ്‌ലാമിക രാഷ്ട്രഘടനയിൽ അവർ കൂടി പങ്കാളികളാകുന്ന വിശാലമായ ഭരണഘടന തയാറാക്കുകയാണ് അവിടുന്ന് ചെയ്തത്.

പെരുന്നാളിനും ഓണത്തിനും ക്രിസ്മസ്സിനും പരസ്പരം സൽക്കാരങ്ങളും വിരുന്നുകളും സംഘടിപ്പിക്കുകയും സൗഹൃദം പങ്കിടുകയും വീടുകളിൽ കൂലിപ്പണിക്കും മറ്റും വരുന്ന സഹോദരമതസ്ഥരെ കൂടെയിരുത്തി ഭക്ഷണം കൊടുക്കുകയും ചെയ്യുന്നതിൽ അസഹിഷ്ണുത പ്രകടിപ്പിക്കുന്നവർ പലപ്പോഴും വിസ്മരിക്കുന്നത് ഇസ്‌ലാമിന്റെ സാമൂഹിക ജീവിതത്തിലെ വിശാലതയാണ്.

ഇസ്‌ലാം മൂല്യവത്തായി കരുതുന്ന ഈ മാനവികവീക്ഷണം ഉൾക്കൊള്ളുന്നവനാകണം ഓരോ വിശ്വാസിയും. വിട്ടുവീഴ്ച, കാരുണ്യം, ഗുണകാംക്ഷ തുടങ്ങിയവ വിശ്വാസിയുടെ അടിസ്ഥാനപ്രകൃതമാണ്. സ്വർഗാവകാശികളായ ഭക്തരെ പരിചയപ്പെടുത്തുമ്പോൾ ഖുർആൻ പറയുന്നത്, അവർ ജനങ്ങളോട് വിട്ടുവീഴ്ച ചെയ്യുന്നവരുമാകുന്നു (*ആലുഇംറാൻ* 134) എന്നാണ്. കൊലപാതകിയോടുപോലും വിട്ടുവീഴ്ച ചെയ്യുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുകയാണ്. കൊലപാതകിക്ക് പ്രതിക്രിയ വിധിച്ചാൽ കൊല്ലപ്പെട്ടവന്റെ ബന്ധുക്കൾ അവന് മാപ്പു നൽകുകയാണെങ്കിൽ, പ്രതിക്രിയ നടപ്പിലാക്കാതെ നഷ്ടപരിഹാരം വാങ്ങി കുറ്റമുക്തനാക്കാമെന്ന് ഖുർആൻ നിർദേശിക്കുന്നു: "…. എന്നാൽ ഒരു കൊലയാളിയോട് അയാളുടെ സഹോദരൻ ദയ കാണിച്ച് വിട്ടുവീഴ്ച നൽകിയാൽ ന്യായമായ നഷ്ടപരിഹാരത്തിന്മേൽ ഒത്തുതീരേണ്ടതാകുന്നു" (*അൽബഖറ* 178). ഈ സൂക്തം വിശദീകരിച്ചുകൊണ്ട് സയ്യിദ് മൗദൂദി പറയുന്നു:

"സഹോദരൻ എന്ന പദം പ്രയോഗിച്ചതിൽ വിട്ടുവീഴ്ച ചെയ്യുന്നതിനുള്ള പരോക്ഷമായ ഒരു ശിപാർശയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതായത് ഘാതകനോട് നിങ്ങൾക്ക് പിതാവിനെ കൊന്നവനോടെന്ന പോലുള്ള അമർഷവും വെറുപ്പും ഉണ്ടായിരുന്നാലും മനുഷ്യരെന്ന നിലക്ക് നിങ്ങൾ സഹോദരങ്ങളാണ്. അതിനാൽ അപരാധിയായ സഹോദരന്റെ നേർക്കുള്ള പ്രതികാരവികാരം അടക്കിവെക്കുകയാണ് മനുഷ്യത്വത്തിന് കൂടുതൽ അനുയോജ്യം…" (*തഫ്ഹീമുൽ ഖുർആൻ* വാല്യം 1, പേജ് 125, കുറിപ്പ് 178).

പ്രവാചകൻ സാധിച്ച വിപ്ലവത്തിന്റെ വിജയരഹസ്യമായി ഖുർആൻ പഠിപ്പിക്കുന്നത് പ്രവാചകന്റെ കാരുണ്യവും സ്വഭാവവിശുദ്ധിയുമാണ്: "താങ്കൾ വളരെ സൗമ്യശീലനായത് അല്ലാഹുവിങ്കൽനിന്നുള്ള മഹത്തായ അനുഗ്രഹമാണ്. താങ്കൾ കഠിനഹൃദയനായ പരുഷപ്രകൃതക്കാരനായിരുന്നുവെങ്കിൽ താങ്കളുടെ ചുറ്റുനിന്നും അവരെല്ലാം പിരിഞ്ഞുപോയതുതന്നെ. അവരുടെ തെറ്റുകൾ പൊറുക്കുക. അവരുടെ പാപമുക്തിക്കായി പ്രാർഥിക്കുക" (*ആലുഇംറാൻ* 159).

പ്രബോധന-സംസ്കരണ പ്രവർത്തനങ്ങളിൽ പ്രവാചകന്മാരുടെ ഏറ്റവും വലിയ കൈമുതലായി ഖുർആൻ പഠിപ്പിക്കുന്നത് ഗുണകാംക്ഷയാണ്. കിരാതരും ധിക്കാരികളും അധാർമികരുമായ സ്വജനതയോട് ഗുണകാംക്ഷയോടെ പെരുമാറിയ പ്രവാചകന്മാരുടെ ചരിത്രമാണ് ഖുർആൻ അനാവരണം ചെയ്യുന്നത്. നൂഹ്, ഹൂദ്, സ്വാലിഹ്, ശുഐബ് (അ) തുടങ്ങിയ പ്രവാചകന്മാർ ആയുധമാക്കിയത് സദുപദേശമായിരുന്നു (*അൽ അഅ്റാഫ്* 62, 68,79,93).

അപരനെ ശത്രുവാക്കി, സാമുദായികവികാരം ഊതിവീർപ്പിച്ച് സംഘശക്തി ഭദ്രമാക്കുന്നവർ ഇസ്‌ലാമിന്റെ പവിത്രമായ മാനുഷികമൂല്യങ്ങളുടെ നേരെയാണ് കോടാലിയേന്തുന്നത്. ■